പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1061** **13/06/2013-ൽ മറുപടിക്ക്**

**ജാതി തെറ്റായി രേഖപ്പെടുത്തിയത് തിരുത്തുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സാജു പോൾ | | ശ്രീ. പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പുമന്ത്രി) | |
| (എ) | അഡ്മിഷൻ രജിസ്റ്ററിൽ തെറ്റായി രേഖപ്പെടുത്തിയിട്ടുള്ള ജാതി എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിൽ തിരുത്തി നൽകണമെന്നാവശ്യപ്പെട്ട് നിരവധി അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ജാതി തിരുത്തിക്കിട്ടുന്നതിന് നിലവിലെ ഗവൺമെന്റ് ഉത്തരവ് പ്രകാരം ഗസറ്റ് നോട്ടിഫിക്കേഷൻ റിക്കാർഡ് കൂടി എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിനൊപ്പം ഹാജരാക്കണമെന്ന വ്യവസ്ഥയിൽ മാറ്റം വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | ഈ വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |
| (സി) | കുമാരി രേവതി, നന്ദനം, ആർ.പി. ലൈൻ, കവടിയാർ പി.ഒ., തിരുവനന്തപുരം-3 നൽകിയ പരാതിയിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | (സി) | കുമാരി. രേവതി. ആർ.എൽ. നൽകിയ പരാതിയിന്മേൽ പരീക്ഷാ കമ്മീഷണറുടെ ഓഫീസിലെ 2/4/2013 ലെ ബി3/1678/13/സി.ജി.ഇ നമ്പർ കത്ത് പ്രകാരം പരാതിക്കാരിക്ക് മറുപടി നൽകിയിരുന്നു. പേര്, ജാതി, മതം എന്നിവ സ്കൂൾ രേഖകൾ പ്രകാരം മാത്രമേ എസ്.എസ്.എൽ.സി യിൽ തിരുത്തൽ വരുത്തുവാൻ സാധിക്കുകയുള്ളൂ. ഇതിലേയ്ക്കായി വിദ്യാർത്ഥിയെ ഒന്നാം ക്ലാസ്സിൽ ചേർക്കുന്ന സമയത്തെ പ്രവേശന അപേക്ഷ, അഡ്മിഷൻ രജിസ്റ്റർ |

എന്നിവയാണ് ആധികാരിക രേഖയായി പരിഗണിക്കുന്നത്. ജി.ഒ(എം.എസ്) 80/84/ജി.എ.ഡി. തീയതി 14/3/1984 എന്ന ഉത്തരവിൽ പേര്, ജാതി, മതം എന്നിവയിലെ തെറ്റ് ''ക്ലറിക്കൽ എറർ'' അല്ലെങ്കിൽ ഗസറ്റ് നോട്ടിഫിക്കേഷൻ നടത്തേണ്ടതും പ്രസ്തുത ഗസറ്റിന്റെ അംഗീകൃത പകർപ്പ് എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റിനൊപ്പം സൂക്ഷിക്കേണ്ടതു മാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ടി ഉത്തരവിന് വിരുദ്ധമായി അപേക്ഷകയുടെ ജാതി തിരുത്തി നൽകുന്നതിന് നിർവ്വാഹമില്ല എന്ന് പരാതിക്കാരിയെ അറിയിച്ചിട്ടുണ്ട്.

Sreedevi

**സെക്ഷൻ ഓഫീസർ**